LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ 14-2-2013-ൽ പ്രാബല്യത്തിൽ വന്ന വകുപ്പ് 28(1)-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ റൂറൽ ബാങ്കുകൾ, റീജിയണൽ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ സംഘങ്ങളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് വാർഡടിസ്ഥാനത്തിൽ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

25-11-2014-ലെ G.O.(P) No.142/14/Co-op. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരള സഹകരണ സംഘം ചട്ടം (രണ്ടാം ഭേദഗതി) പ്രകാരം ചട്ടം 36 (6 ബി)യിൽ മേൽ പരാമർശിച്ച പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ സ്ഥാനാർത്ഥി, നിർദ്ദേശകൻ, പിന്താങ്ങുന്നയാൾ എന്നിവർ ഒരേ വാർഡിൽ തന്നെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംഘം തയ്യാറാക്കി അംഗീകരിക്കുന്ന ഉപനിബന്ധനകൾ പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ജനറൽ, സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിൽ വിവിധതരം സംഘങ്ങളിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ സംഘം നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ള ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. അദ്ധ്യക്ഷനായിട്ടുള്ള വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

140 (525) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പഞ്ചായത്തിൽപ്പെട്ട താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചിട്ട് എത്ര നാളായി;

(ബി) പ്രസ്തുത ഭരണകാലയളവിൽ ബാങ്കിന് കുടിശ്ശികയായി ലഭിക്കാനുള്ളതിൽ എത്ര തുക പിരിഞ്ഞുകിട്ടി;

(സി) അതിൽ എത്ര തുക നിക്ഷേപകർക്ക് നൽകി; തുക നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഏതെല്ലാം നിക്ഷേപകർക്കാണ് തുക നൽകിയതെന്ന് വിശദമാക്കാമോ ? (തുകയുടെ വിശദാംശങ്ങൾ സഹിതം)

ഉത്തരം

(എ) ഒരു വർഷം (30-1-2015-ൽ ചാർജ്ജെടുത്തു) .

(ബി) കുടിശ്ശികയായിരുന്ന 4.11 കോടി രൂപയിൽ 83.74 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) 30 നിക്ഷേപകർക്കായി 41.37 ലക്ഷം രൂപ തിരികെ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സഹകരണ ഓംബുഡ്സ്മാന്റെയും ഉത്തരവിന്റെയും രോഗബാധിതർ/വിവാഹാവശ്യത്തിനായി അടിയന്തരമായി തുക ആവശ്യമുള്ളവർ എന്നിവരുടെ അപേക്ഷയിന്മേലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

(ഡി)

ക്രമ നമ്പർ	പേര്	തുക
(1)	(2)	(3)
1	ശ്രീമതി വിജയകുമാരി	6,90,000
2	ശ്രീമതി അമ്മിണി രാജു	72,000
3	മൈലം പഞ്ചായത്ത്(ആശ്രയ)	1,00,000
4	ശ്രീ. ബാലചന്ദ്രൻ	10,000
5	ശ്രീമതി സജിത	40,000
6	ശ്രീ. നാരായണപിള്ള	10,000
7	ശ്രീ. പൊടിയൻ	1,40,000
8	ശ്രീ. രവീന്ദ്രൻപിള്ള	50,000

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
9	ശ്രീമതി ലില്ലി വാവച്ചൻ	4,00,000
10	ശ്രീമതി കുഞ്ഞുമോൾ ഡാനിയേൽ	29,826
11	ശ്രീമതി പ്രിയ	50,000
12	ശ്രീ. ഈശ്വരൻ പോറ്റി	12,500
13	ശ്രീ. ഗംഗാധരൻ പോറ്റി	25,000
14	ശ്രീമതി ഇന്ദിരാദേവി അന്തർജ്ജനം	64,616
15	ശ്രീ. സുബ്രഹ്മണ്യൻ പോറ്റി	1,20,000
16	ശ്രീ. ഗംഗാധരൻ പോറ്റി	26,767
17	ശ്രീ. വിജയനാഥൻ പിള്ള	2,00,000
18	ശ്രീ. മാധവ ശർമ്മ	1,50,000
19	ശ്രീമതി ഭവാനിയമ്മ	25,000
20	ശ്രീമതി തങ്കമ്മ അന്തർജ്ജനം	50,000
21	ശ്രീ. കരുണാകരൻ പിള്ള	37,680
22	ശ്രീമതി ദീപ്തി ബി. നായർ	15,000
23	ശ്രീമതി ജസ്സിൻ	3,00,000
24	ശ്രീമതി കുഞ്ഞുമോൾ ഡാനിയേൽ	2,38,000
25	ശ്രീ. ജി. രാജീവ്	37,000
26	ശ്രീ. പത്മനാഭ പിള്ള	1,00,000
27	ശ്രീമതി പുഷ്പവല്ലി അമ്മ	29,300
28	ശ്രീമതി ലില്ലി വാവച്ചൻ	1,90,000
29	ശ്രീമതി ബി. ലളിതാകുമാരി	5,00,000
30	ശ്രീമതി ഗിരിജകുമാരി	4,25,000

LIBRARY ARCHIVES Kerala Legislative Assembly